# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4790** | **01/07/2013-ന് മറുപടിക്ക്**

**<u>ഭരണഭാഷ മലയാളം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭരണഭാഷ മലയാളമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | 1969 ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ടിലെ 1ബി വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചു കൊ ണ്ട് നിയമപരമായി ഇംഗ്ലീഷ് ഭാഷയും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം മാത്രം ഉപയോഗിക്കണമെന്ന് നിർദേശിച്ചു കൊ ണ്ട് നാളിതുവരെ 73 സർക്കാർ വകുപ്പുകളിൽ ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊ ണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| (ബി) | എങ്കിൽ ഇപ്പോൾ ഏതെല്ലാം വകുപ്പുകളിലാണ് ഫയലുകൾ പൂർണ്ണമായും മലയാളത്തിൽ കൈകാര്യം ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സെക്രട്ടേറിയറ്റ് വകുപ്പ്- ഔദ്യോഗിക ഭാഷാ വകുപ്പ്. സെക്രട്ടേറിയറ്റിതര വകുപ്പുകൾ- പുരാവസ്തു വകുപ്പ്, നാട്ടു ചികിൽസാവകുപ്പ്, എംപ്ലോയ് മെന്റ് & ട്രെയിനിംഗ് വകുപ്പ്, ഹോമിയോപ്പതി വകുപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, സഹകരണ വകുപ്പ്, പുരാരേഖ വകുപ്പ്, ജലഗതാഗത വകുപ്പ്, പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പ്, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്, ഇൻഷ്വറൻസ് വകുപ്പ്, സൈനികക്ഷേമ വകുപ്പ്. എന്നീ വകുപ്പുകളിൽ നിന്നും 100% ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ കോടതികളിൽ സാധാരണക്കാരന് മനസ്സിലാകുന്ന രീതിയിൽ വ്യവഹാരഭാഷ മലയാളമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ കോടതികളിൽ സാധാരണക്കാരന് മനസ്സിലാകുന്ന രീതിയിൽ വ്യവഹാര ഭാഷ മലയാളമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കോടതി ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി 19/12/2013-ലെ സ.ഉ(കൈ)നം.223/2013/നിയമം ഉത്തരവിലൂടെ വിപുലീകരിച്ചിട്ടുണ്ട്. ബഹു.മുഖ്യമന്ത്രി അധ്യക്ഷനായ ഈ സമിതിയുടെ ആദ്യ യോഗം 12/05/14-ൽ ചേർന്നിട്ടുള്ളതാണ്. കോടതി ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റിസ്.കെ.കെ.നരേന്ദ്രൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ 22-ാം ഖണ്ഡികയിൽ കേരള ഹൈക്കോടതിയുടെ വിധി ന്യായങ്ങളും സുപ്രീംകോടതിയുടെ വിധി ന്യായങ്ങളുടെ ചുരുക്കക്കുറിപ്പുകളും അടങ്ങിയ മലയാളത്തിലുള്ള ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ആയതിന്റെ പ്രസിദ്ധീകരണത്തിന് ഹൈക്കോടതിയുമായി ആലോചിച്ച് സർക്കാർ നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2/3/12-ലെ സ.ഉ(കൈ)നം.78/2012/നിയമം ഉത്തരവിലൂടെ നിയമ ഔദ്യോഗികഭാഷ പ്രസിദ്ധീകരണ സെൽ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സെൽ സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും പ്രധാനപ്പെട്ടതും പ്രസക്തവുമായ വിധി ന്യായങ്ങളുടെ പരിഭാഷയും നിയമലേഖനങ്ങളും ഉൾപ്പെടുത്തി നിയമജേർണലായ 'നിയമധ്വനി' തയ്യാറാക്കി കാലാകാലങ്ങളിൽ പ്രസിദ്ധീകരിച്ച് വരുന്നു. |
| (ഡി) | ഭരണ സിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ ഫയലുകൾ പൂർണ്ണമായും കൈകാര്യം ചെയ്യുന്നത് മലയാള ഭാഷയിലാണോ; അല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ; | (ഡി) | 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട്(1969-ലെ 7) 1 ബി വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ടും ഇംഗ്ലീഷിന്റെ ഉപയോഗവും ഇംഗ്ലീഷിലുള്ള കത്തിടപാടുകളും അനിവാര്യമായ സാഹചര്യങ്ങളിൽ കുറിപ്പ് ഫയൽ മലയാളത്തിലായിരിക്കണമെന്ന വ്യവസ്ഥയോടെ ഇംഗ്ലീഷ് ഉപയോഗിക്കേണ്ടതായ |

| | | | |
|---|---|---|---|
| | | | സാഹചര്യങ്ങൾ വിശദമാക്കി കൊണ്ട് 13/01/15 തീയതിയിൽ സ.ഉ(അച്ചടിച്ചത്) നം. 02/2015/ഉഭപവ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (ഇ) | ഫയലുകൾ പൂർണ്ണമായും മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് എന്ത് പ്രോത്സാഹനമാണ് നൽകുന്നത്; വിശദമാക്കുമോ ? | (ഇ) | താലൂക്ക് തലത്തിൽ ഏറ്റവും കൂടുതൽ ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുകയും ഭാഷാ മാറ്റത്തിന് സഹായകമായ വിധത്തിൽ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന ഒരു ഉദ്യോഗസ്ഥന് സത്സേവന രേഖ നൽകി വരുന്നു. കൂടാതെ ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്ന ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഭരണഭാഷാ സേവന പുരസ്കാരവും ഉദ്യോഗസ്ഥരെ മൊത്തത്തിൽ കണക്കാക്കി സംസ്ഥാന തലത്തിൽ ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്ക്കാരവും നൽകി വരുന്നു. ടൈപ്പിസ്റ്റ്/ സ്റ്റെനോ ഗ്രാഫർമാർക്ക് സംസ്ഥാന തലത്തിൽ ഭരണഭാഷാ സേവന പുരസ്ക്കാരം നൽകുന്നതിനുള്ള തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മലയാളം ഭരണഭാഷയാക്കിയിട്ടുള്ള സർക്കാർ വകുപ്പുകൾ

01.09.1985 മുതൽ (01.08.1985 ലെ 7223/ഔ.ഭാ.3/85/ഉ.ഭ.പ.വ. നം. വിജ്ഞാപനം)

1. പഞ്ചായത്ത്
2. മുനിസിപ്പൽ ഭരണം.
3. വനം
4. സഹകരണം
5. ഗിരിജനക്ഷേമം (പട്ടിക വർഗ വകുപ്പ്)
6. ഹരിജനക്ഷേമം (പട്ടിക വികസന വകുപ്പ്)
7. മത്സ്യബന്ധനം
8. ആർക്കിയോളജി
9. ജയിൽ

**01.11.1987 മുതൽ (12.10.1987 ലെ 7256/ഔ.ഭാ.3/85/ഉഭപവ നം. വിജ്ഞാപനം)**

10. ഹിന്ദുമത ധർമ സ്ഥാപനം
11. പബ്ലിക് റിലേഷൻസ്
12. അളവുകളും തൂക്കങ്ങളും
13. പുരാരേഖ
14. ക്ഷീരവികസനം
15. മൃഗസംരക്ഷണം
16. ഭവനനിർമാണം
17. സാമൂഹ്യക്ഷേമം
18. രജിസ്ട്രേഷൻ

**01.11.1989 മുതൽ (06.10.1989 ലെ 5905/ഔ.ഭാ.3/88/ഉ.ഭ.പ.വ.നം. വിജ്ഞാപനം)**

19. റവന്യൂ
20. കൃഷി
21. ഗ്രാമവികസനം
22. ഭക്ഷ്യവും സിവിൽ സപ്ലൈസും
23. തൊഴിൽ
24. പൊതുവിദ്യാഭ്യാസം
25. നാട്ടുചികിത്സ
26. ജലഗതാഗതം
27. സർവെ ആന്റ് ലാൻഡ് റിക്കാർഡ്സ്
28. നികുതി
29. എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്
30. സാംസ്കാരിക പ്രസിദ്ധീകരണം
31. കാഴ്ചബംഗ്ലാവും മൃഗശാലയും

**01.01.1992 മുതൽ (21.12.1991 ലെ 7972/ഔ.ഭാ.3/91/ഉഭപവ നം വിജ്ഞാപനം)**

32. പ്രിന്റിംഗ്
33. സ്റ്റേഷനറി
34. ടൗൺ പ്ലാനിംഗ്
35. ഹോമിയോപ്പതി
36. ഭൂഗർഭജലം
37. ഭാഗ്യക്കുറി
38. ലോക്കൽഫണ്ട്

39. ഫയർസർവീസ്
40. പബ്ലിക് ലൈബ്രറി
41. എക്സൈസ്
42. ഇൻഷുറൻസ് മെഡിക്കൽ സർവീസ്
43. ദേശീയ സമ്പാദ്യം

**01.12.1993 മുതൽ (01.12.0993 ലെ 3721/ഔ.ഭാ.3/93/ഉ.ഭ.പ.വ നം. വിജ്ഞാപനം)**

44. എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും
45. സ്പോർട്സും യുവജനക്ഷേമവും
46. കോളേജ് വിദ്യാഭ്യാസം
47. സാങ്കേതിക വിദ്യാഭ്യാസം
48. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
49. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
50. ഫാക്ടറികളും ബോയിലറുകളും
51. ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറി
52. തുറമുഖ എഞ്ചിനീയറിംഗ്
53. ആരോഗ്യം
54. വ്യവസായവും വാണിജ്യവും
55. ഇൻഷുറൻസ്
56. കേരള ഗസറ്റിയേഴ്സ്
57. മെഡിക്കൽ വിദ്യാഭ്യാസം
58. മൈനിംഗും ജിയോളജിയും
59. മോട്ടോർ വാഹനം
60. പോലീസ്
61. തുറമുഖം
62. പബ്ലിക് ഹെൽത്ത് ലാബറട്ടറി
63. പൊതുമരാമത്ത്
64. ഇറിഗേഷനും പ്രോജക്ടുകളും
65. സൈനികക്ഷേമം
66. ട്രഷറി
67. വിജിലൻസ്

**22.04.2003 മുതൽ (22.04.2003 ലെ 7/03/ഉ.ഭ.പ.വ നം. വിജ്ഞാപനം)**

68. ഔഷധനിയന്ത്രണ വകുപ്പ്

**06.08.2005 മുതൽ (06.08.2005 ലെ 21/05/ ഉ.ഭ.പ.വ നം. വിജ്ഞാപനം)**

69. സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്

**(26.08.2009 ലെ 11/2009/ ഉ.ഭ.പ.വ നം. വിജ്ഞാപനം)**

70. തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും

**(17.06.2011 ലെ 16/2011/ ഉ.ഭ.പ.വ നം. വിജ്ഞാപനം)**

71. ശാസ്ത്ര സാങ്കേതിക വകുപ്പ്

72. പൊതുഭരണ വകുപ്പ്

**(17.04.2013 ലെ 12/2013/ ഉ.ഭ.പ.വ നം. വിജ്ഞാപനം)**

73. നിയമ വകുപ്പ്

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2015 ജനുവരി 19<br>19th January 2015<br>1190 മകരം 5<br>5th Makaram 1190<br>1936 പൌഷം 29<br>29th Pousha 1936 | നമ്പർ<br>No. 155 |

## കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 2/2015/ഉഭപവ. *തിരുവനന്തപുരം, 2015 ജനുവരി 13 / 1190 ധനു 29.*

**എസ്. ആർ. ഒ. നമ്പർ 42/2015.**—1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് (1969-ലെ 7) 1 ബി വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് കുറിപ്പ് ഫയൽ മലയാളത്തിലായിരിക്കണമെന്ന വ്യവസ്ഥയോടെ താഴെ പറയുന്ന സാഹചര്യങ്ങളിൽ ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

(i) (എ) കേന്ദ്രസർക്കാർ

(ബി) കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/275/2015/S-9.

(സി) ഹൈക്കോടതി, സുപ്രീംകോടതി

(ഡി) അന്യ സംസ്ഥാനങ്ങൾ

(ഇ) അന്യ രാജ്യങ്ങൾ

(എഫ്) സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നട അല്ലാതെയുള്ള മറ്റ് ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ.

(ii) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. സുരേഷ് കുമാർ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ടിലെ 1 ബി വകുപ്പ് പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്ക് മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരമുണ്ട്. ഈ അധികാരം ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇംഗ്ലീഷിന്റെ ഉപയോഗവും ഇംഗ്ലീഷിലുള്ള കത്തിടപാടുകളും അനിവാര്യമാണ്. ഈ സാഹചര്യങ്ങളിൽ കുറിപ്പ് ഫയൽ മലയാളത്തിൽ കൈകാര്യം ചെയ്യണമെന്ന വ്യവസ്ഥയോടുകൂടി പ്രസ്തുത ആവശ്യങ്ങൾക്ക് ഇംഗ്ലീഷ് ഉപയോഗിക്കാമെന്ന് നിർദ്ദേശിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ഉദ്ദേശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Personnel and Administrative Reforms (Official Language) Department**

NOTIFICATION

G. O. (P) No. 2/2015/P&ARD. *Dated, Thiruvananthapuram,* *13th January, 2015* / *29th Dhanu, 1190.*

**S. R. O. No. 42/2015.**—In exercise of the powers conferred by section 1B of the Kerala Official Languages Act, 1969 (7 of 1969) the Government of Kerala hereby notify the following circumstances under which English can be used for official purpose subject to the condition that in such cases the note file should be prepared in Malayalam.

(i) For correspondence with

(a) Central Government

(b) Central Government organizations

(c) Supreme Court and High Court

(d) Other States

(e) Foreign Countries

(f) The linguistic minorities other than Tamil and Kannada in the State.

(ii) Where the use of English is made mandatory as per law.

By order of the Governor,

K. Suresh Kumar,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Section 1B of the Kerala Official Languages Act, 1969 empowers Government to issue notification directing that Malayalam or English shall be used in respect of such official purposes. In exercise of this power, Government have decided to notify Malayalam as Official Language in all Government Departments. But in some special purposes the use of English and the communication in English is found essential. Hence the Government have decided to direct to use English for those purposes subject to the conditions that in such circumstances the note file should be prepared in Malayalam

This notification is intended to achieve the above object.